# കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ്- സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിൽ GST വരവ് വെക്കുന്നതിനായി 14 ജില്ലാ ക്ഷേമനിധി ഓഫീസർമാർക്കും അതത് ഓഫീസിനോടടുത്തുള്ള ട്രഷറയിൽ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.5524/2018/ധന.** തിരുവനന്തപുരം, തീയതി **29/06/2018**

---

പരാമർശം:-

1. 16.04.2018-ലെ സ.ഉ.(കൈ) നം. 29/2018/ന.വ
2. 13.06.2018 തീയതിയിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ എസ്റ്റാ.2/3908/18-19/KSLASWFB നമ്പർ കത്ത്.

**ഉത്തരവ്**

നികുതി വകുപ്പിന്റെ പരാമർശം 1 ലെ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിനെ സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ മൊത്ത വിതരണ ചുമതല നൽകുകയും, GST തുക ഒടുക്കുന്ന ഉത്തരവാദിത്തം ഏൽപിച്ച് ഉത്തരവായിട്ടുള്ളതായും അറിയിച്ചിരിക്കുന്നു. ടി ഉത്തരവ് പ്രകാരം സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ വിവിധ ജില്ലാതല ഓഫീസുകളിൽ ടിക്കറ്റ് വില്പനയിലൂടെ ശേഖരിക്കുന്ന GST ഇനത്തിലെ തുക സംസ്ഥാന ഭാഗ്യക്കുറി ക്ഷേമ നിധി ബോർഡിന്റെ അക്കൗണ്ടിലേയ്ക്ക് ദിനം പ്രതി വരവാക്കേണ്ടതുണ്ടെന്നും, ആയതിനാൽ സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിൽ GST വരവാക്കുന്നതിനായി 14 ജില്ലാ ക്ഷേമനിധി ഓഫീസർമാർക്കും അതത് ഓഫീസിനോടടുത്ത ട്രഷറയിൽ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിൽ GST വരവ് വെക്കുന്നതിനായി 14 ജില്ലാ ക്ഷേമനിധി ഓഫീസർമാർക്കും അതത് ഓഫീസിനോടടുത്തുള്ള ട്രഷറയിൽ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.& ഇ/ജി.& എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപനക്കാരുടെ ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ